പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 462 10.06.2014-ലെ മറുപടിയ്ക്ക്

## ആഡിറ്റർമാരുടെ കരാറടിസ്ഥാനത്തിലുള്ള നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിൽ ആഡിറ്റർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടോ; എങ്കിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. 30.04.2014-ലെ കണക്കനുസരിച്ച് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ 15 ഒഴിവുകളും സീനിയർ & ജൂനിയർ ആഡിറ്റർ തസ്തികയിൽ 198 ഒഴിവുകളും ഉൾപ്പെടെ സഹകരണ വകുപ്പിൽ 213 ആഡിറ്റർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്. |
| (ബി) | ഈ തസ്തികകളിൽ പി.എസ്.സി വഴിയുള്ള ജീവനക്കാരെ നിയമിക്കുന്നതിന് പകരം സർവ്വീസിൽ നിന്നും വിരമിച്ചവരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ പ്രസ്തുത നിർദ്ദേശം നൽകാനുള്ള സാഹചര്യമെന്താണെന്നും അതിന്റെ വിശദാംശങ്ങളും അറിയിക്കുമോ; | (സി) | ബാധകമല്ല. |
| (ഡി) | സർവ്വീസിൽ നിന്ന് വിരമിച്ചവരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നത് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണോ എന്ന് വ്യക്തമാക്കുമോ; | (ഡി) | സർവ്വീസിൽ നിന്നു വിരമിച്ചവരെ കരാറടിസ്ഥാനത്തിൽ സർക്കാരിന്റെ അനുമതിയോടെ സഹകരണ സംഘങ്ങളിൽ നിയമിക്കുന്നതിൽ തടസ്സമില്ല. |

| | | | |
|---|---|---|---|
| (ഇ) | ഇപ്രകാരം പെൻഷനായവരെക്കൊണ്ട് ആഡിറ്റ് ജോലികൾ ചെയ്യിക്കുന്നത് സ്ഥാപനത്തിന്റെയും ആഡിറ്റിന്റെയും വിശ്വാസ്യതയ്ക്ക് കുറവുണ്ടാകാൻ കാരണമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (ഇ) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | സർവ്വീസിലുള്ള ആഡിറ്റർമാരെക്കൊണ്ട് മാത്രം ഈ ജോലികൾ നിർവ്വഹിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (എഫ്) | നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ